**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | 19.06.2018 - ൽ

**ചോദ്യം നമ്പർ: 3034** | **മറുപടിയ്ക്ക്**

**കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി പദ്ധതികൾ**

| ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | മറുപടി<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | **എ)** കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **ബി)** നടീൽ വസ്തുക്കളുടെയും വിത്തിന്റെയും ഗുണമേന്മ നിലനിർത്തി അവ വർദ്ധിപ്പിച്ച് ജനോപകാരപ്രദമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | **ബി)** നടീൽ വസ്തുക്കളുടെയും വിത്തിന്റെയും ഗുണമേന്മ നിലനിർത്തി അവ വർദ്ധിപ്പിച്ച് ജനോപകാരപ്രദമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വർഷം രണ്ടുകോടി ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് കഴിയുന്ന ഒരു യൂണിറ്റ് VFPCK - യുടെ മേൽ നോട്ടത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

സംസ്ഥാനത്ത് ഫാമുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2017-18 വർഷത്തിൽ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 500 ലക്ഷം രൂപ വകയിരുത്തിയതിൽ 75 ലക്ഷം കുരുമുളക് തൈകളും വിവിധ നടീൽ വസ്തുക്കളായി 5.5 ലക്ഷം തൈകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. കേര സമൃദ്ധി എന്ന ബൃഹത്തായ പദ്ധതിയിൽ വിത്ത് തേങ്ങ സംഭരണത്തിനും ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉല്പാദനത്തിനും 250 ലക്ഷം രൂപ വകയിരുത്തിയതിൽ 3,18,222 തെങ്ങിൻ തൈകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയതിൽ 21.5 ലക്ഷം ടിഷ്യൂക്കൾച്ചർ വാഴ, കറ്റാർ വാഴ, അലങ്കാര സസ്യങ്ങൾ എന്നിവ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിനും തൈകളുടെ ഉല്പാദനത്തിനുമായി 25 ലക്ഷം രൂപ വകയിരുത്തിയതിൽ 3 ലക്ഷം വാഴ തൈകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള പഴത്തോട്ടങ്ങളുടെ മാതൃവൃക്ഷ സംരക്ഷണത്തിനും പുതിയവ നട്ടുപിടിപ്പിക്കുന്നതിനും 100 ലക്ഷം രൂപ, വിദേശീയ ഇനം പഴത്തോട്ടങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച് തോട്ടം നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപ, ജൈവകൃഷിയിലൂടെ ഗുണമേന്മയേറിയ ഉല്പാദനോപാധികളുടെ വിതരണം ലക്ഷ്യമാക്കി സംയോജിത കൃഷി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ ഫാമുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി യന്ത്രവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി 760 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പുഷ്പകൃഷി വികസനത്തിന് മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ഫാമുകൾക്ക് 25 ലക്ഷം രൂപ വകയിരുത്തിയതിൽ 50,000 അലങ്കാര സസ്യങ്ങളും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഔഷധ സസ്യ കൃഷി വികസനത്തിന് ഫാമുകളിൽ ക്രോപ്പ് മ്യൂസിയം സ്ഥാപിക്കുന്നതിന് 14 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നടീൽ വസ്തുക്കളുടെ ഉല്പാദനം 650 ലക്ഷം രൂപയും, സംയോജിത കൃഷി സമ്പ്രദായം 200 ലക്ഷം രൂപയും, പ്രൊജനി ഓർച്ചാർഡുകളുടെ വികസനം 100 ലക്ഷം രൂപയും, എക്സോട്ടിക് ഫലവൃക്ഷങ്ങളുടെ വികസനം 100 ലക്ഷം രൂപയും, കാർഷിക യന്ത്രവൽക്കരണം 300 ലക്ഷം രൂപയും, അടിസ്ഥാന സൗകര്യ വികസനം 310 ലക്ഷം രൂപയും, പ്രദർശന തോട്ടങ്ങളുടെ നിർമ്മാണം 37.03 ലക്ഷം രൂപയും, ടിഷ്യൂ കൾച്ചർ ലാബുകളിൽ അത്യുല്പാദന ശേഷിയുള്ള തൈകൾ ഉല്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിന് 25 ലക്ഷം രൂപയും, വിത്തുല്പാദന കേന്ദ്രങ്ങൾ നവീന ഗുണമേന്മയുള്ള വിത്തുല്പാദിപ്പിക്കുന്നതിന് 200 ലക്ഷം രൂപയും, വകയിരുത്തി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൂടാതെ വി.എഫ്.പി.സി.കെ വഴി കർഷകർക്ക് നടീൽ വസ്തുക്കളുടെ വിതരണത്തിന് 150 ലക്ഷം രൂപയുടെയും, ഔഷധ സസ്യ കൃഷി വികസനത്തിനായി 100 ലക്ഷം രൂപയുടെയും, പുഷ്പ കൃഷി വികസനത്തിനായി 500 ലക്ഷം രൂപയുടെയും, വിത്തുല്പാദന കേന്ദ്രങ്ങളിൽ അത്യുല്പാദന ശേഷിയുള്ള നെൽവിത്ത്, പച്ചക്കറി വിത്ത്, ജൈവവള വിത്തുകൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി കൃഷി ഫാമുകളിൽ 200 ലക്ഷം രൂപയുടെയും പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ